വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 19 No. 03 | PUBLISHED FROM DELHI | PRICE Rs. 3/- | MARCH 2015

# ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ രജിതജൂബിലി നിറവിൽ

**ന്യൂഡൽഹി:** സുവിശേഷീകരണ പ്രവർത്തനങ്ങളും അനുബന്ധമായ സാമൂഹിക സേവനങ്ങളും വഴി ഗ്രാമപ്രദേശങ്ങളുടെ മുഖച്ഛായ മാറ്റിവരച്ച ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങൾ ഇരുപത്തിയഞ്ച് വർഷം പുർത്തിയാക്കുകയാണ്. പാസ്റ്റർ എം. സാമുവൽകുട്ടിക്ക് ദൈവം നൽകിയ ദർശനപ്രകാരം 1990 മാർച്ച് 11ന് ഡൽഹിയിൽ ആരംഭിച്ചതാണ് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2015 ഏപ്രിൽ 12ന് വൈകിട്ട് 6 മണിമുതൽ 9 മണിവരെ ന്യൂഡൽഹി വൈ.എം.സി.എ. ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന സ്തോത്രശുശൂഷ വേറിട്ടൊരു അനുഭവമാക്കാൻ ഉള്ള പ്രയഗ്നത്തിലാണ് ഐ.സി.എം. ഭാരവാഹികളും പ്രവർത്തകരും. പ്രസ്തുത യോഗത്തിൽ വച്ച് സിൽവർ ജൂബിലിയോടനുബന്ധിച്ച് പൂറത്തിറക്കുന്ന സ്മരണികയുടെ പ്രകാശനവും നടക്കും.

ഉത്തരേന്ത്യയിലെ സാമൂഹിക-ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകിയാണ് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സുവിശേഷീകരണ ദൗത്യം നിർവ്വഹിക്കുന്നത്. നോർത്ത് ഡൽഹിയിലെ കിംങ്ങ്സ് വേ ക്യാമ്പിൽ ആരംഭിച്ച ചെറിയ കൂടിവരവാണ് ഐ.സി.എമ്മിന്റെ സഭാവിഭാഗമായ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ പ്രഥമ സഭ. തുടർന്ന് ഡൽഹിയിൽ തന്നെ ഹൗസ്ഖാസ്, കാൽക്കാജി, നോയിഡ എന്നിവിടങ്ങളിലും സഭകളാരംഭിച്ചു. വൈകാതെ തന്നെ ബീഹാറിലും കേരളത്തിലും സഭാ പ്രവർത്തനവും ജീവകാരുണ്യ പ്രവർത്തനങ്ങളും വ്യാപിച്ചു. ബീഹാറിലെ നിരവധി ഗ്രാമങ്ങളിലേക്ക് സുവിശേഷ വെളിച്ചവുമായി നിരന്തരം പാസ്റ്റർ സാമുവൽകുട്ടിയും പ്രവർത്തകരും കടന്നു ചെന്നു. പ്രാഥമിക വിദ്യാഭ്യാസ സൗകര്യം പോലും ലഭിക്കാതിരുന്ന നിർദ്ധനരായ കുഞ്ഞുങ്ങൾക്കുവേണ്ടി ബിഹാറിലെ റോത്താസ് ജില്ലയിലെ ഗ്രാമങ്ങളായ കോച്ചസ്, ഹെൽഹാൻ, ഖുടൂഹൂരിയ എന്നിവിടങ്ങളിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ ആരംഭിച്ചു. കഴിഞ്ഞ പതിനെട്ടു വർഷത്തെ ഇന്ത്യൻ ക്രിസ്ത്യൻ




മിഷൻ സ്കൂളുകളുടെ പ്രവർത്തനത്തിലൂടെ നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകാനും ഉന്നതവിദ്യാഭ്യാസം ആർജിക്കുവാൻ യോഗ്യരാക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ കഴിഞ്ഞതിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രവർത്തകർക്ക് ചാരിതാർത്ഥ്യം ഉണ്ട്. തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് സൗജന്യമായ അടിസ്ഥാന വിദ്യാഭ്യാസം, ആഹാരം, വസ്ത്രം, വൈദ്യസഹായം എന്നിവ നൽകുന്ന കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്റർ 2002 ൽ ആരംഭിച്ചു.സമീപ ഗ്രാമങ്ങളായ ഖുടൂഹൂരിയ, സെൻന്തൂവാർ, പനായിലി, നൗവാ എന്നിവിടങ്ങളിൽഐ.സി.എം. അക്കാദമികൾ ആരംഭിച്ചു.

സ്വയം തൊഴിൽ കണ്ടെത്താനായി നിർദ്ധനരായ യുവതീയൂവാക്കൾക്ക് തൊഴിൽ പരിശീലന പരിപാടികളും മിഷൻ നടത്തിവരുന്നു. അർഹരായവരും പഠനത്തിൽ നിലവാരം പുലർത്തുന്നവരുമായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം എല്ലാവർഷവും നൽകിവരുന്നു.

ഭവനരഹിതരായ രണ്ട് കൂടുംബങ്ങൾക്ക് വീട് വച്ച് നൽകുവാൻ ഐ.സി.എമ്മിനെ ദൈവം സഹായിച്ചു.

ക്രമീകൃത വേദപഠനത്തിന് ഒരു പുതിയ കാൽവെപ്പ് എന്ന നിലയിലാണ് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് 2006 ൽ അടൂരിൽ ആരംഭിച്ചത്. കഴിഞ്ഞ ഏഴ് ഗ്രാഡുവേഷനിലൂടെ 100 സുവിശേഷകരെ സുവിശേഷ വയലിലെത്തിക്കുവാൻ കോളജിനു കഴിഞ്ഞു.

ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ എല്ലാ പ്രവർത്തനങ്ങളുടേയും മൂലധനം വിശ്വാസമാണ്. മിഷന്റെ പ്രവർത്തനങ്ങളിൽ വലിയ വളർച്ച ഈ 25 വർഷത്തെ കാലഘട്ടത്തിനിടയിൽ ഉണ്ടായി. പ്രത്യക്ഷവും പരോക്ഷവുമായി അനേക ജീവിതങ്ങളെ സഹായിക്കുവാനും സ്വാധീനിക്കുവാനും ഐ.സി.എമ്മിന് കഴിഞ്ഞിട്ടുണ്ട്. ഭാരതത്തിന്റെ ഓരോ കോണിലും ഉളവായി വരുന്ന രക്ഷണ്യ സുവിശേഷത്തെ പാനം ചെയ്യുവാനുള്ള ദാഹം ഒരുണർവ്വിലേക്ക് രാജ്യത്തെ നയിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവിന്റെ വേലയിൽ പങ്കാളികൾ എന്ന നിലയിൽ സുവിശേഷീകരണത്തിലും മറ്റ് ജീവികാരുണ്യ പ്രവർത്തനങ്ങളിലും നിശ്ചയദാർഢ്യത്തോടെ മുന്നേറുവാനാണ് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ആഗ്രഹിക്കുന്നത്.

## പാസ്റ്റർ ജെ.സി. പാറക്കടവിലിന് ആയിരങ്ങളുടെ അന്ത്യാജ്ഞലി

**തിരുവനന്തപുരം:** പ്രശസ്ത സുവിശേഷകനായ പാസ്റ്റർ ജെ.സി. പാറക്കടവിലിന് (ജോൺ ചാക്കോ)പെന്തക്കോസ്തു സമൂഹം പ്രത്യാശാ നിർഭരമായ യാത്രയയപ്പ് നൽകി. തന്റെ ജന്മനാടായ റാന്നി പൊന്തൻപുഴ, കർമ്മരംഗമായ തിരുവനന്തപുരം, താമസസ്ഥലമായ തോന്നയ്ക്കൽ എന്നിവിടങ്ങളിൽ നടന്ന പൊതുദർശനങ്ങളിലും സംസ്കാരശുശ്രൂഷയിലും ആയിരങ്ങളാണ് പങ്കെടുത്തത്.



ഫെബ്രുവരി 14 ശനിയാഴ്ച വൈകിട്ട് റാന്നി ഇടമണ്ണിൽ ഒരു കൺവൻഷനിൽ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോഴാണ് പാസ്റ്റർ ജെ.സി. സ്റ്റേജിൽ കുഴഞ്ഞു വീണ് നിത്യതയിൽ ചേർക്കപ്പെട്ടത്. കൺവൻഷൻ പ്രഭാഷകൻ, വേദാദ്ധ്യാപകൻ, എഴുത്തുകാരൻ, പരിഭാഷകൻ, ഗായകൻ, ജീവകാരുണ്യം മാസികയുടെ പത്രാധിപർ, ലോഗോസ് പെന്തക്കൊസ്തു ചർച്ചിന്റെ സീനിയർ പാസ്റ്ററും ലോഗോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡന്റും ഗ്രേയ്സ് ചിൽഡ്രൻസ് ഹോമിന്റെ ഡയറക്ടറുമാണ്. ഭാര്യ:ചന്ദ്രകുമാരി, മക്കൾ: ഫേബാ, ലിഡിയ. കൺവൻഷൻ പ്രഭാഷകനായ പാസ്റ്റർ എബി ഏബ്രഹാം സഹോദരി ഭർത്താവാണ്.

വിജയത്തിന്റെ താക്കോൽ കൂട്ടം, വിശ്വസ്തനായ മോശ എന്നീ ഗ്രന്ഥങ്ങളും ഇടമറുക് ജീവിച്ചിരുന്നില്ല എന്ന ഖണ്ഡനകൃതിയും ഒരിക്കലും മരിക്കാത്ത കഥകൾ, മദാമ്മ വളർത്തിയ ചെന്നായ് എന്ന കഥാ സമാഹാരങ്ങളും ആകാശത്തിലെ പറവകൾ, സാത്താന്റെ പരീക്ഷകൾ എന്നീ കവിതകളും യന്ത്രകലപ്പ എന്ന പേരിൽ നിരൂപണ ലേഖനങ്ങളും രചിച്ചിട്ടുണ്ട്.

ജനഹൃദയങ്ങളെ സ്വാധീനിച്ച പ്രമുഖനായ പ്രഭാഷകനായിരുന്നു ജെ.സി. മലയാളവും ആംഗലേയവും ഒരുപോലെ വഴങ്ങിയിരുന്ന അദ്ദേഹത്തിന്റെ പരിഭാഷകൾ ഗംഭീരമായിരുന്നു. ജീവകാരുണ്യം എന്ന പത്രത്തിലൂടെ ശക്തമായ ഇടപെടലാണ് ജെ.സി. നടത്തിയത്.

2013ലെ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷനിലെ പ്രഭാഷകരിൽ ഒരാളായിരുന്നു അദ്ദേഹം. ദുഖിതരായ കുടുംബത്തിന് *വിശ്വസി മാസിക*യുടെ അനുശോചനം.

## സത്യം മിനിസ്ട്രീസിന്റെ മലബാർ സംഗീതവിരുന്ന്

**കണ്ണൂർ** : ആലക്കോട് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ സത്യം മിനിസ്ട്രീസ് ഒരുക്കുന്ന മലബാർ സംഗീതവിരുന്ന് ആലക്കോട് പ്ലാസാ ഗ്രൗണ്ടിൽ വച്ച് നടക്കും. 2015 മാർച്ച് 27-29 വരെ നടക്കുന്ന ഈ ആത്മീയ സംഗമത്തിൽ ശ്രുതിമധുരമായ സംഗീത നിശയും അനുഗ്രഹീത വചനപ്രഘോഷണങ്ങളുമാണ് ക്രമീകരിച്ചിരിക്കുന്നത്. കർത്തൃദാസന്മാരായ പി.എസ്. തമ്പാൻ, ഏബ്രഹാം ചെമ്പോല, ഡോ.സി.വി. വടവന, ഇ.എസ്. റെജി എന്നിവർ വിവധ ദിനങ്ങളിൽ ആത്മീയ സന്ദേശങ്ങൾ പങ്കുവയ്ക്കും.

പ്രശസ്ത ക്രിസ്തീയ ഗായകരായ ബിനോയ് ചാക്കോ, ഇമ്മാനുവൽ ഹെൻട്രി, ജിജി സാം, ലിജി യേശുദാസ് എന്നിവർ ഗാനങ്ങളാലപിക്കും. സത്യം മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 28 ശനി വൈകിട്ട് മൂന്ന് മണിക്ക് വീൽചെയർ വിതരണവും നടക്കും. സത്യം മിനിസ്ട്രീസിനെ കൂടാതെ സുവിശേഷകരായ വി.എം. മാത്യു, വി.ജെ. തോമസ്, കെ.വി. ജോൺ, അലക്സാണ്ടർ വി.എം., പി.ജി. മാത്യു, കെ.സി. യോഹന്നാൻ തുടങ്ങിയവർ ഈ ആത്മീയ സംഗമത്തിന് നേതൃത്വം നൽകുന്നു.

***ഉൾപേജുകളിൽ...***

**വിജയത്തിലേക്കുള്ള ചവിട്ടുപടികൾ : പാസ്റ്റർഎം.സാമുവൽകുട്ടി**

**സത്യ ആരാധന: പാസ്റ്റർ മനോജ് തമ്പി, അടൂർ**

**ക്രൂശിന്റെ സന്ദേശം: പാസ്റ്റർ സോളമൻ പി. വിളക്കുടി**

**ഒരു ചെറിയ പെൺകുട്ടിയുടെ സ്വപനം:ഇവാ. ജോൺ സാമുവൽ മണക്കാല**

പത്രാധിപ ലേഖനം.......

# വിജയത്തിലേക്കുള്ള ചവിട്ടുപടികൾ



നമ്മുടെ രാജ്യം പ്രത്യേകാൽ ഡൽഹി അഭൂതപൂർവ്വമായ ഒരു മാറ്റത്തിന് സാക്ഷ്യം വഹിച്ച മാസമാണ് കഴിഞ്ഞുപോയത്. രാജ്യതലസ്ഥാനത്ത് ആഞ്ഞുവീശിയ ആംആദ്മി ചുഴലിക്കാറ്റ് എതിർപാർട്ടികളെ തകർത്ത് തരിപ്പണമാക്കി, എഴുപതിൽ 67 സീറ്റും പാർട്ടി ചിഹ്നമായ ചൂൽ തൂത്തുവാരി. സ്വതന്ത്ര ഇന്ത്യയുടെ നിയമസഭാചരിത്രത്തിലും വിശേഷാൽ ഡൽഹിയുടെ ചരിത്രത്തിലും ഒരു പാർട്ടി നേടുന്ന ഏറ്റവും വലിയ വിജയമാണിത്. ഇത് അനേകരുടെ പ്രാർത്ഥനയുടേയും ജനാധിപത്യത്തിന്റെയും വിജയമാണ്. ആംആദ്മി പാർട്ടി നേടിയ ചരിത്രവിജയത്തിന്റെ സന്ദേശം വോട്ടർമാരെ നിസാരന്മാരായി കാണരുത് എന്നതാണ്. തിരഞ്ഞെടുപ്പിൽ പ്രചാരണസമയത്ത് വലിയ വാഗ്ദാനങ്ങൾ നൽകുകയും വിജയിച്ചുകഴിഞ്ഞാൽ വോട്ടർമാരെ മറക്കുകയും ചെയ്യുന്ന രാഷ്ട്രീയ സംസ്കാരത്തിനേറ്റ കനത്ത തിരിച്ചടിയാണ് ഈ തിരഞ്ഞെടുപ്പുഫലം. സാധാരണക്കാരുടെ നിത്യജീവിതവുമായി ബന്ധമില്ലാതെ സംസാരിക്കുന്ന രാഷ്ട്രീയ നേതൃത്വത്തെ ഇതൊരു ആത്മപരിശോധനയ്ക്ക് പ്രേരിപ്പിക്കും എന്നതിന് രണ്ടുപക്ഷമില്ല.

ഡൽഹിയിലെ 1.30 കോടി വോട്ടർമാരിൽ 45% ബിഹാർ, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളാണ്. മറ്റ് പാർട്ടികൾ ഇവരെ അവഗണിച്ചപ്പോൾ നഗരത്തിലെ ചേരികളിൽ താമസിക്കുന്ന ഈ തൊഴിലാളികൾക്കിടയിൽ ഏറ്റവും നന്നായി പ്രചാരണം നടത്തിയത് ആംആദ്മി പാർട്ടിയാണ്. തീരെ ദരിദ്രരായ ജനവിഭാഗങ്ങളേറെയുള്ള ഡൽഹിയുടെ അടിസ്ഥാനപ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവ പരിഹരിക്കുമെന്ന പ്രതീക്ഷ നൽകാനും എഎപിക്ക് സാധിച്ചത് വിജയത്തിന്റെ അടിസ്ഥാന കാരണം തന്നെയായി. അധികാരത്തിലേറുന്നവർ അരികിലുണ്ടാകണമെന്നുള്ള ജനമനസ്സിലെ ആഗ്രഹം അവർ തൊട്ടറിയുകയും അതിനനുസരിച്ച് ജനപ്രിയ വിഷയങ്ങൾ ഉന്നയിച്ചുള്ള ദർശനരേഖയും പ്രകടനപത്രികയും തയ്യാറാക്കുകയുമായിരുന്നു. അഴിമതിയോടുള്ള എഎപിയുടെ സന്ധിയില്ലാസമരത്തിന്റെ വിശ്വാസ്യതയും ജനത്തിന് ബോധ്യപ്പെട്ടു. ഡൽഹിയിലെ ഈ വിധി ഇന്ത്യയുടെ ആകെ മനസ്സ് പ്രതിഫലിക്കുന്ന ഒന്നല്ല എങ്കിലും വൻ ഭൂരിപക്ഷം നേടി രാജ്യം ഭരിക്കുന്ന ശക്തിയെപോലും തീരെ ചെറിയ ഒരു പാർട്ടിക്ക് ചോദ്യം ചെയ്യാനായി എന്ന ജനാധിപത്യപാഠം മറ്റ് പാർട്ടികൾ പഠിക്കേണ്ടിയിരിക്കുന്നു. പാരമ്പര്യത്തെക്കുറിച്ച് കാലാകാലം പറഞ്ഞിരിക്കാതെ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹരിക്കാനും വലിയ രാഷ്ട്രീയ പാർട്ടികൾ ശ്രമിച്ചില്ലെങ്കിൽ പരാജയത്തിലേക്ക് ഇനിയും കൂപ്പുകുത്തുമെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

സംഘപരിവാർ തുടങ്ങിവച്ച ഘർവാപ്പസി എന്ന പുനർമതപരിവർത്തനം ബിജെപിയുടെ ഏറ്റവും വലിയ പ്രചാരണം ആയിരുന്നു. എന്നാൽ ന്യൂനപക്ഷങ്ങൾ ഒന്നടങ്കം ബിജെപിയിൽ നിന്ന് അകലാൻ ഇത് ഇടയാക്കി. പ്രധാനമന്ത്രി അതിനെതിരെ ശബ്ദം ഉയർത്താഞ്ഞത് മുസ്ലീങ്ങളും ക്രൈസ്തവരും സിഖുകാരും ഉൾപ്പെടുന്ന ന്യൂനപക്ഷങ്ങളെ ഭീതിയിലാഴ്ത്തി. പ്രധാനമന്ത്രിയുടെ മൗനം ഇതിന് പിന്തുണയായി ആളുകൾ പരിഗണിച്ചു. ഇത് ന്യൂനപക്ഷങ്ങൾക്ക് കൂട്ടത്തോടെ ആംആദ്മി പാർട്ടിയിലേക്ക് ചുവടുമാറ്റുവാനുള്ള പ്രേരണയായി. ഘർവാപ്പസിയെ ഡൽഹി നിവാസികൾ പൂർണമായും നിരാകരിച്ചു. അതുപോലെ തന്നെ ഡൽഹിയിൽ കഴിഞ്ഞ രണ്ടുമാസത്തിനിടയിൽ 5 ക്രൈസ്തവ ദേവാലയങ്ങളാണ് ആക്രമിക്കപ്പെട്ടത്. ഈ ആക്രമണങ്ങളെ സർക്കാർ അപലപിച്ചു എന്നതൊഴിച്ചാൽ ഇതിന് പിന്നിലുള്ളവരെ കണ്ടെത്താനോ നിയമത്തിനു മുമ്പിൽ കൊണ്ടുവരാനോ ഒരു ശ്രമവും നടത്തിയില്ല. ഈ ആക്രമണങ്ങൾ പൊതുവെ ന്യൂനപക്ഷങ്ങൾക്കിടയിൽ സർക്കാരിനെതിരായ നിലപാടിന് ഇടയാക്കി. സർക്കാർ ജീവനക്കാരും സർക്കാരിനെതിരെ തിരിഞ്ഞു എന്നതാണ് മറ്റൊരു വസ്തുത. അവധിദിവസങ്ങളിൽ പണിയെടുക്കുക എന്ന ശൈലിയോട് യോജിക്കാഞ്ഞതും ക്രിസ്മസ് ദിനത്തിൽ വികസനദിനം കൊണ്ടാടിയതും അന്ന് ഉദ്യോഗസ്ഥരോട് ഹാജരാകാൻ ആവശ്യപ്പെട്ടതും എതിർപ്പിനിടയാക്കി. ഞായറാഴ്ചകളിൽ പല സുപ്രധാന യോഗങ്ങൾ ക്രമീകരിച്ച് അതിൽ നിർബന്ധമായും സംബന്ധിക്കണമെന്ന നിലപാടും പ്രതിഷേധത്തിന് ഇടയാക്കി.

ലോക്സഭാ തിരഞ്ഞെടുപ്പിനു ശേഷം രാജ്യം കണ്ട ഏറ്റവും കടുത്ത പ്രചാരണത്തിനൊടുവിൽ എതിരാളികളെ മാത്രമല്ല അണികളെപ്പോലും അമ്പരിപ്പിച്ചുകൊണ്ടാണ് അരവിന്ദ് കേജ്‌രിവാൾ വീണ്ടും മുഖ്യമന്ത്രി കസേരയിൽ എത്തിയത്. അഴിമതിക്കെതിരെ ഉയർന്നുവന്ന ജനവികാരത്തിന്റെ പ്രതിഫലനമാണിത്. മറ്റ് നേതാക്കന്മാർ ആലങ്കാരിക ഭാഷയിൽ നിറപ്പകിട്ടാർന്ന വേഷവിധാനങ്ങളോടെ വേദികളിൽ നിന്ന് പ്രസംഗിച്ച് തകർത്തപ്പോൾ ഡൽഹിയിലെ തെരുവുകളിൽ സാധാരണക്കാരോട് സംവദിക്കുകയായിരുന്നു കേജ്‌രിവാളും കൂട്ടരും. പരാജയങ്ങളിൽ നിന്ന് പഠിക്കുകയും കൃത്യമായി ചെയ്ത് കണിശമാക്കിയ കണക്കുകൂട്ടലിലൂടെ ലക്ഷ്യത്തിലേക്ക് കുതിക്കുകയുമാണ് കേജ്‌രിവാളിന്റെ സഹജസ്വഭാവം. മൂന്ന് വർഷം മുമ്പ് സ്വന്തം പാർട്ടി രൂപവൽക്കരിച്ചിറങ്ങിയ മെക്കാനിക്കൽ എൻജിനിയറെ, ഇന്ത്യൻ സിവിൽ സർവീസിലെ ജോലി വലിച്ചെറിഞ്ഞ് ജനസേവനത്തിനിറങ്ങിയ ഈ 46കാരനെ ജനങ്ങൾ മുഖ്യമന്ത്രിസ്ഥാനത്തേക്ക് സ്വപ്നതുല്യമായ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുത്തതിന്റെ കാരണവും ഈ പ്രത്യേകതകൾ തന്നെ. വാഴുന്നവരേയും വീഴുന്നവരേയും കണ്ടുമടുത്തവരും, അവരുമായി തങ്ങൾക്കുള്ള പലതരം അകലങ്ങൾ വ്യക്തമായി ബോധ്യമുള്ളവരുമാണ് ഡൽഹിക്കാർ. അതുകൊണ്ടുതന്നെ കേജ്‌രിവാളിന്റെ അംഗചലനങ്ങളുടെയും ശരീരഭാഷയുടെയും ഭാഗമായിരിക്കുന്ന ചുമ പോലും സാധാരണക്കാരിലൊരുവൻ എന്ന പ്രതിച്ഛായ ശക്തിപ്പെടുത്താൻ സഹായിച്ചു.

അഴിമതിക്കെതിരായ ജനരോഷത്തിന്റെ മൂർച്ചയുള്ള നാവായ അരവിന്ദ് കേജ്‌രിവാൾ തലസ്ഥാന നഗരത്തിന്റെ മനവും വോട്ടും കീഴടക്കിയത് പ്രതിസന്ധികളെ തോൽപ്പിച്ചാണ്. തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ പ്രധാനമന്ത്രി എകെ49 എന്നാണ് കേജ്‌രിവാളിനെ വിശേഷിപ്പിച്ചത്. ജനപിന്തുണയുടെ തിര നിറച്ച് അതേ കേജ്‌രിവാൾ മോദിയുടെ വിജയയാത്രയ്ക്ക് കടിഞ്ഞാണിട്ടു. എതിർപക്ഷക്കാരുടെ ആരോപണങ്ങളെയും പ്രകോപനങ്ങളേയും യാതൊരു പരിഭവവുമില്ലാതെ വിജയത്തിന്റെ ചവിട്ടുപടിയാക്കി മാറ്റി.

നമ്മുടെ ആത്മീയജീവിതത്തിലും പ്രകോപനങ്ങളെയും പ്രതിസന്ധികളേയും വിജയത്തിലേക്കുള്ള ചവിട്ടുപടികളാക്കാൻ നമുക്ക് സാധിക്കണം. അല്ലാത്തവർ പ്രതിസന്ധികളിൽ തകർന്നടിയും, ലക്ഷ്യപ്രാപ്തിയിലെത്താൻ അവർക്കു സാധിക്കയില്ല. 17-ാം വയസ്സിൽ യോസേഫിന് ദൈവം ഒരു സ്വപ്നം കൊടുത്തു. പക്ഷെ അതിന്റെ സാക്ഷാത്ക്കാരത്തിനുള്ള യാത്രയിൽ അവന് പൊട്ടക്കിണർ, അടിമവേല, കാരാഗ്രഹം തുടങ്ങിയ അതികഠിനമായ പ്രതികൂലങ്ങളെ തരണം ചെയ്യേണ്ടി വന്നു. എങ്കിലും യോസേഫിന്റെ വിശ്വസ്തത അവനെ സ്വപ്നതുല്യമായ ഉയർച്ചയിലെത്തിച്ചു. പാപം ചെയ്യാൻ അവസരം ലഭിച്ചിട്ടും പാപത്തിൽ നിന്നും ഓടിയകന്നവനാണ് യോസേഫ്. പൊത്തിഫറിന്റെ ഭാര്യയുടെ വാക്കുകൾക്ക് അവൻ അടിമപ്പെട്ടുപോയിരുന്നുവെങ്കിൽ യോസേഫിന്റെ കഥ ലോകം അറിയില്ലായിരുന്നു, അവന്റെ ജീവിതം പരാജയത്തിലേക്ക് തകർന്നടിയുമായിരുന്നു. എന്നാൽ ദർശനം പ്രാപിച്ചവന്റെ വിശ്വസ്തത അവനെ ഉയർച്ചയിലെത്തിച്ചു. പരാജയങ്ങളും വീഴ്ചകളും സംഭവിച്ചേക്കാം, എന്നാൽ അവിടെ നിന്നും നമ്മെ ജയത്തിലേക്ക് കൈപിടിച്ചുയർത്തുന്ന ജീവനുള്ള ദൈവം നമ്മോടുകൂടെയുണ്ട്. ദാനിയേലും കൂട്ടുകാരും രാജാവിന്റെ കൽപന അനുസരിക്കാതിരുന്നാൽ മരണമാണ് തങ്ങളെ കാത്തിരിക്കുന്നത് എന്ന് അറിഞ്ഞിട്ടുപോലും ദൈവ കൽപ്പന മാത്രം അനുസരിക്കാൻ തയ്യാറായി. ഫലമോ, മരണത്തിന്റെ താഴ്‌വരയിലൂടെ കടന്നുപോകേണ്ടിവന്നു എങ്കിലും ദൈവത്തിന്റെ വിടുതലിന്റെ കരം കാണുകയും അവൻ മാത്രം ജീവിക്കുന്ന ദൈവം എന്ന് അവർ മുഖാന്തിരം സകലദേശവും അറിയുകയും ചെയ്തു. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന പരാജയങ്ങളും പ്രതിസന്ധികളും കണ്ട് തളരാതെ അവയെ വിജയത്തിലേക്കുള്ള ചവിട്ടുപടികളാക്കി ഉന്നതങ്ങളിലേക്ക് എത്തിച്ചേരാൻ ദൈവം നമ്മെ സഹായിക്കട്ടെ.

പാസ്റ്റർ എം. സാമുവൽകുട്ടി

## വിശ്വാസി കൺവൻഷൻ വിശേഷാൽ പതിപ്പ്

ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ 21-ാം ജനറൽ കൺവൻഷൻ ദൈവകൃപയാൽ അനുഗ്രഹിക്കപ്പെട്ട നിലയിൽ അടുരിൽ നടന്നു. പ്രാർത്ഥിച്ച എല്ലാ വായനക്കാർക്കും നന്ദി. കൺവൻഷന്റെ വാർത്തകളും ചിത്രങ്ങളും ഉൾപ്പെടുത്തിയ വിശേഷാൽ പതിപ്പ് അടുത്ത ലക്കം *വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പത്രാധിപ സമിതി

## സുവിശേഷത്തിൻ സാക്ഷികളായ്

സുവിശേഷത്തിൻ സാക്ഷികളായി
ശാന്തിതൻ സന്ദേശ വാഹകരായി
ഭൂമിയിലെങ്ങും സാക്ഷ്യം വിതറാൻ
ആത്മാവിൽ പരിപൂരിതരായി

പുതിയൊരു യുവതതി ഉണരുകയായി
ജയമന്ത്രധ്വനി ഉയരുകയായി
ഉലകിൽ യേശുവിൻ സാക്ഷികളാകാൻ
ഉത്സുകരായി ഞങ്ങളണയുകയായി

ഗുരുവാം നാഥൻ കാട്ടിയ പാത
തുടരും ഞങ്ങൾ മാതൃകയായി
അരുളിയതാം തിരു വചനം ഞങ്ങൾ
ക്കിരുളിൽ തെളിയും ദീപമതാം

മുന്നിൽ വിടരും വഴികൾ നിറയെ
മുള്ളുകളനവധിയുണ്ടാകാം
കാലുകളിടറും വേദന നിറയും
വേളയിലീശൻ കൈവിടുമോ?

വിടരും അവനിയിലോരു സാമ്രാജ്യം
മശിഹാ വാഴും രാജാവായി
അതി മോഹനമീ സന്ദേശത്തി-
ന്നവനിയിൽ ഞങ്ങൾ സാക്ഷികളാം

**രചന : പാസ്റ്റർ ബിജു ബഞ്ചമിൻ**
**സംഗീതം: പാസ്റ്റർ ബിനോയ് പി. ജോൺ**

*2015 ഫെബ്രുവരി 28 ന് നടന്ന അടൂർ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ഏഴാമത് ഗ്രാഡുവേഷന്റെ തീം സോങ്ങായിരുന്നു ഈ ഗാനം.*


## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:- **Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030



വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# സത്യ ആരാധന



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

**അ**ദൃശ്യനും അനുപമനും അക്ഷയനും അവയവരഹിതനും ആരാധ്യനുമായ ഏകസത്യദൈവത്തെ ആരാധിക്കുവാൻ നമുക്ക് പ്രോത്സാഹനം നൽകുന്ന ഏകഗ്രന്ഥം ബൈബിളാണ്. വീരാരാധന, താരാരാധന, നരാരാധന, മൃഗാരാധന എന്നിങ്ങനെ വ്യത്യസ്ത ആരാധനകൾ ഇന്ന് സമൂഹത്തിൽ ഉണ്ട്. പാപത്താൽ വൈകൃതമാക്കപ്പെട്ട മനസാക്ഷിമൂലം ആരെ ആരാധിക്കണമെന്നും എങ്ങനെ ആരാധിക്കണമെന്നും അറിയാതെ എന്തിനെയൊക്കെയോ മനുഷ്യർ ആരാധിക്കുന്നു. അദൃശ്യനായ ദൈവത്തെ ദൃശ്യരൂപങ്ങളിലൊതുക്കി ആരാധനയെ വിഗ്രഹവത്ക്കരിക്കുവാൻ മനുഷ്യർ ശ്രമിക്കുന്നു. പ്രകൃതിയിലൂടെ ദൈവീക വെളിപ്പാട് ഗ്രഹിച്ചറിഞ്ഞ പ്രശസ്തനായ ഒരു മലയാള കവി ഇങ്ങനെ എഴുതി.

“ചന്തമേറിയ പൂവിലും
ശബളഭമാം ശലഭത്തിലും
സന്തതം
കരതാരിയെന്നൊരു
ചിത്രചാതുരി കാട്ടിയും
ഹന്തചാരുകടാക്ഷമാലകൾക്ക
രശ്മിയിൽ മീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ
വീളങ്ങുമീശനെ
വാഴ്ത്തുവിൻ”

ആരാധന എന്ന വിഷയത്തിൽ ദൈവം ഇടപെട്ട നിലയിൽ മറ്റൊരു സന്ദർഭത്തിലും ഗൗരവതരമായ ദൈവീക ഇടപാട് ബൈബിൾ ചരിത്രത്തിലില്ല. മോശെയിലൂടെ ദൈവം നൽകിയ പത്ത് കൽപനയിലെ ആദ്യകൽപ്പന “ഞാനല്ലാതെ അന്യദൈവം നിങ്ങൾക്കുണ്ടാകരുത്” എന്നത് ആരാധനയോടുള്ള ദൈവീക നിയമമാണ്. ഉടമകളാകേണ്ടിയിരുന്ന യിസ്രായേൽ ജനം ഈജിപ്തിൽ അടിമകളായി തീർന്ന സന്ദർഭത്തിൽ ചരിത്രത്തെ ചലിപ്പിച്ച പുറപ്പാട് സംഭവത്തിലൂടെ ജനത്തെ ആരാധനയ്ക്കായി മോചിപ്പിച്ച ദൈവീക ഇടപാട് ആരാധനയോടുള്ള ദൈവീക സമീപനത്തെ വെളിപ്പെടുത്തുന്നു. പൗരോഹിത്യത്തിന്റെ പിന്തുടർച്ചക്കാരാകേണ്ടിയിരുന്ന അഹരോന്യപുത്രന്മാർ നാദാബും അബീഹൂവും അന്യാഗ്നി കത്തിച്ചതിലൂടെ അന്യാരാധകരായപ്പോൾ അവരെ അഗ്നിക്കിരയാക്കി ദൈവം അമർഷം പ്രകടിപ്പിച്ചപ്പോൾ ആരാധനയോടുള്ള ദൈവീക തീഷ്ണത വെളിവായി (ലേവ്യ. 10:1-3).

യെരുശലേം ദേവാലയം സന്ദർശിച്ച യേശുക്രിസ്തു വാണിജ്യവത്ക്കരിക്കപ്പെട്ട ആരാധനയ്ക്ക് നേരെ വിശുദ്ധിയുടെ ചാട്ടവാർ ആഞ്ഞുവീശിയത് ആരാധനയിൽ അർപ്പകർ വിശുദ്ധരാകുവാനുള്ള ആഹ്വാനമാണ് നൽകുന്നത്.

സൃഷ്ടിക്കപ്പെട്ട അവസ്ഥയിലേക്ക് അല്ലെങ്കിൽ പാപരഹിതമായ അവസ്ഥയിലേക്ക് മടങ്ങിവരുവാനുള്ള സൃഷ്ടിയുടെ തീവ്രമായ ആഗ്രഹമാണ് ആരാധന. സൃഷ്ടാവിന്റെ സാന്നിധ്യത്തെ തിരിച്ചറിയുന്ന സൃഷ്ടിയിൽ ഉളവാകുന്ന പ്രതികരണമാണ് ആരാധന. അസാധാരണമായ വ്യക്തിയോടോ, ശക്തിയോടോ മനുഷ്യർ കാണിക്കുന്ന അസാധാരണമായ സ്നേഹമോ ബഹുമാനമോ, അനുസരണമോ വിധേയത്വമോ ആണ് ആരാധന. ക്രിസ്തീയ ആരാധന വസ്തുമയമല്ല പ്രത്യുത ഭാവിപരവും അനശ്വരവുമാണ്.

> മാനവരാശിയുടെ ആത്യന്തികലക്ഷ്യമായ നിത്യതയിലേക്ക് മാർഗ്ഗമായി നിൽക്കുന്നത് ജഢധാരിയായ ക്രിസ്തുവാണ്. പാപസംബന്ധമായി പ്രതികരണശേഷി നഷ്ടപ്പെട്ട ശാരീരിക അവസ്ഥയ്ക്ക് എന്നേക്കുമുള്ള വീണ്ടെടുപ്പ് നൽകുവാൻ ജഢധാരിയായി തീർന്ന യേശുക്രിസ്തു മാത്രമാണ് ഇന്നും എന്നും ആരാധനയ്ക്ക് യോഗ്യൻ

സത്യാരാധനയെ പുഷ്ടിപ്പെടുത്തുന്ന ബൈബിൾ നിർദ്ദേശങ്ങളുടെ ക്രമാനുഗതമായ നിയമാവലി വേദപുസ്തക പാരായണത്തിലൂടെ ലഭ്യമാണ്. അദൃശ്യ ദൈവത്തോടുള്ള തികഞ്ഞ അനുസരണം അഥവാ ത്യാഗത്തിലധിഷ്ഠിതമായ ജീവിതം ആരാധകനിൽ ഉണർവ്വുണ്ടാക്കുന്നു. ദൈവീക പദ്ധതികളിൽ എത്തിച്ചേരുവാൻ ദൈവം കാണിക്കുന്ന പാതകളിലൂടെ സഞ്ചരിക്കുവാനുള്ള മനസ്സാണ് ആരാധനയുടെ പ്രഥമ പടി. അനുഭവവേദ്യമായ ആരാധനയ്ക്ക് വ്യക്തിപരമായ രൂപാന്തരം ആവശ്യമാണ്. പരമ്പരാഗത ശൈലികളിൽ കുരുങ്ങിക്കിടക്കുന്ന ആരാധനരീതികളെ അനുഭവവേദികളിൽ വച്ച് തകർത്തെറിഞ്ഞ് ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ ബൈബിൾ നിർദ്ദേശിക്കുന്നു. മതപരമായ അതിരുകൾ, മനുഷ്യത്വത്തിന് മുമ്പിൽ മതിൽ തീർക്കുന്ന പാരമ്പര്യം ശത്രുതയെ പ്രോത്സാഹിപ്പിക്കുന്ന വർഗ്ഗീയത എന്നിവയൊക്കെ സത്യ ആരാധനയെ നിരുത്സാഹപ്പെടുത്തുന്നു. ഇവയൊക്കെ മറന്ന്കൊണ്ടുള്ള അർപ്പണം ദൈവപ്രസാദത്തിന് വഴിതെളിക്കും.

ദൈവീക കൽപ്പനകളോടുള്ള ഐക്യതാബോധവും സ്വയശുദ്ധിയും അർപ്പണചിന്തയും ആത്മിക ആരാധനയെ സമ്പന്നമാക്കുന്നു. മാനവരാശിയുടെ ആത്യന്തികലക്ഷ്യമായ നിത്യതയിലേക്ക് മാർഗ്ഗമായി നിൽക്കുന്നത് ജഢധാരിയായ ക്രിസ്തുവാണ്. പാപസംബന്ധമായി പ്രതികരണശേഷി നഷ്ടപ്പെട്ട ശാരീരിക അവസ്ഥയ്ക്ക് എന്നേക്കുമുള്ള വീണ്ടെടുപ്പ് നൽകുവാൻ ജഢധാരിയായി തീർന്ന യേശുക്രിസ്തു മാത്രമാണ് ഇന്നും എന്നും ആരാധനയ്ക്ക് യോഗ്യൻ.

# ക്രൂശിന്റെ സന്ദേശം

(നാലാം പേജിൽ നിന്ന് തുടർച്ച)

ത്തിനു പിന്നിൽ. പാപികളും, ബലീനരും ശത്രുക്കളുമായ നമ്മെ രക്ഷിപ്പാനായി അവൻ ക്രൂശിതനായി.

അരിമത്യനായ യോസഫിന്റെ കല്ലറയിൽ അടക്കം ചെയ്തു. ഭരണകൂടം അവനോടുള്ള ദേഷ്യം തീർക്കാനും, ജനങ്ങളുടെ അഭിപ്രായവും അനുസരിച്ച് കല്ലറ ഭദ്രമായി ഉറപ്പിച്ചു. ദൈവശക്തിയെ നിയന്ത്രിക്കാൻ മനുഷ്യബുദ്ധിക്കോ ശക്തിക്കോ കഴിയുമോ? പ്രവചന നിവർത്തിയെന്നോണം കല്ലറ തുറന്നു, അവൻ ഉയർത്തു (1 കൊരിന്ത്യർ 15:1-5, മത്തായി 28:1-5).

അവന്റെ പുനഃരുത്ഥാനം മതങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. കള്ളക്കഥകളുമായി അവർ ഉഴലുമ്പോൾ ഇന്നും ജീവിക്കുന്നവനായി ക്രിസ്തു ചരിത്രത്തിലിടപെടുന്നു. അപ്പൊസ്തലപ്രവൃത്തികളും ലേഖനങ്ങളും അതിന്റെ ഫലമല്ലേ? അതേ അവന്റെ പുനഃരുത്ഥാനത്തിന്റെ തെളിവായി സഭയും പരിശുദ്ധാത്മാവും ലോകമെമ്പാടുമുള്ള സകല യഥാർത്ഥ ക്രൈസ്തവരും നിലകൊള്ളുന്നു. മഹാന്മാരും സാഹിത്യകാരന്മാരും രാഷ്ട്രനേതാക്കളും ഇതൊരു വിസ്മയമായി കാണുന്നു. 21 നൂറ്റാണ്ടുകൾ പിന്നിടുമ്പോഴും ഈ യാഥാർത്ഥ്യം ഇന്നും പ്രഘോഷിക്കപ്പെടുകയാണിവിടെ. ക്രൂശിന്റെ സന്ദേശം വിസ്മരിക്കപ്പെടുന്നില്ല. ഓരോ കാലം കഴിയുംതോറും ഈടുറ്റതായി നിൽക്കുന്നു. ഈ സന്ദേശത്തെ വിചിന്തനം ചെയ്യുമ്പോൾ നാം അറിയേണ്ട ചില യാഥാർത്ഥ്യങ്ങൾ അടുത്ത ലക്കത്തിൽ വിവരിക്കുന്നു.

**ക്രൂശിന്റെ പ്രസംഗം (The Preaching of the Cross)**

**1. അപരിചിത പ്രസംഗം (A Strange message)**

മതത്തിന്റെ ആഢ്യതയുള്ള യഹൂദാമതം ആചാര്യനും ആചാരങ്ങളും ആലയവും ഉള്ളതായിരുന്നു. രാഷ്ട്രം നഷ്ടപ്പെട്ട് മതചടങ്ങുകൾക്ക് വേണ്ടത്ര ഉത്സുകത ഇല്ലായിരുന്ന ജനത. അവരുടെ പ്രതീക്ഷ വരുവാനുള്ള മശിഹായിലായിരുന്നു. റോമാ സാമ്രാജ്യത്തിന്റെ കനത്ത കരുത്താർജിച്ച നുകം വലിച്ചെറിഞ്ഞ യഹൂദാ ജനത്തിന് പുതിയ ഒരു രാജ്യം ഉണ്ടാക്കി അതിൽ രാജാവായി ദാവീദ്യ സിംഹാസനത്തിലിരിക്കുന്ന, സ്വാതന്ത്ര്യം നൽകുന്ന, രാഷ്ട്രീയ അധികാരമുള്ള ഒരു മശിഹ വരും എന്നതായിരുന്നു.

എന്നാൽ കഷ്ടപ്പെടുന്ന, നിണമൊഴുകുന്ന മശിഹാ അവർക്കു അപരിചിതമായിരുന്നു (യെശയ്യാവ് 53:1-3). അവർ മനസ്സിൽ വരച്ചിട്ട ചിത്രത്തിനു വിപരീതമായിട്ടാണവൻ ഭൂമിയിലവതരിച്ചത്. രാജാവായി പിറന്നു (മത്തായി 2:1-4) എന്നാൽ രാജകൊട്ടാരമില്ലായിരുന്നു. ഗുരുവായി ജീവിച്ചു. ശിഷ്യന്മാരുണ്ടായിരുന്നു എന്നാൽ പാഠശാലയില്ലായിരുന്നു. പ്രവാചകനായിരുന്നു എന്നാൽ പ്രവാചക പ്രൗഢി ഇല്ലായിരുന്നു. വിജയം മാത്രം കൈയ്യിലുള്ള അധികാര ചാട്ടവർ വീശുന്ന മശിഹയിൽനിന്ന് കഷ്ടപ്പെടുന്ന മശിഹയിലെത്താൻ അവർക്കു കഴിഞ്ഞില്ല. അതുകൊണ്ടു ക്രിസ്തുവിനെ അവർക്കു മനസ്സിലായില്ല (യോഹ.1:6-10). ദൈവപ്രവൃത്തി നമുക്ക് മനസിലാവില്ല. സൃഷ്ടി നോക്കിയാൽ- 5 ദിവസം ഉണ്ടാകട്ടെ എന്നു പ്രതിവചിച്ചു അമീബ മുതൽ ആനവരെ, സകലസസ്യലതാദി മൃഗങ്ങളും ഉണ്ടായി. ആറാം ദിവസം തന്റെ കരാംഗുലികൾ കൊണ്ടു മനുഷ്യനെ സൃഷ്ടിച്ചു. പുറപ്പാടിൽ നാം കാണുന്നു വടി കൊണ്ട് ചെങ്കടലിനെ വിഭജിക്കുവാൻ മോശെയെ നിയോഗിച്ചു. യോശുവായിൽ കേവലം ശബ്ദം കൊണ്ട് മതിൽ തകർത്തു. പച്ചതാടിയെല്ലുകൊണ്ടു കുന്ന് ഒന്ന്, കുന്ന് രണ്ട് എന്നിങ്ങനെ ശത്രുവിനെ പരാചയപ്പെടുത്താൻ ശിംശോനെ ഉപയോഗിച്ചു. ശക്തനും വീരനും യിസ്രയേലിനു ഭയം ഉളവാക്കിയവനുമായ ഗോല്യാത്തിനെ വീഴ്ത്താൻ ദാവീദിന് കൊടുത്തത് ഒരു ചെറിയ കല്ല് ആയിരുന്നില്ലേ. അതേ, ദൈവത്തിന്റെ വഴി നമ്മുടെ വഴിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

(തുടരും)


## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th March 2015

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com    Price Rs. 3/-

## ക്രൂശിന്റെ സന്ദേശം



പാസ്റ്റർ പി. സോളമൻ
വിളക്കുടി

**ലോകത്തെ** അത്ഭുതം കൊള്ളിച്ച നിരവധി സംഭവങ്ങൾ ഇന്നും അവിശ്വസനീയമായി ജനമനസ്സിലുണ്ട്.

1903 ഡിസംബർ 17. റൈറ്റ് സഹോദരന്മാർ അവർ ഉണ്ടാക്കിയ വിമാനം 59 സെക്കന്റുകൾ കൊണ്ട് 85 അടി ഉയരത്തിൽ പറത്തി. ആ വാർത്ത കേട്ടു ജനം പറഞ്ഞു, അവിശ്വസനീയം. 1969 ൽ നീൽ ആംസ്ട്രോങ്ങും കൂട്ടരും ചന്ദ്രനിൽ കാലുകുത്തി, ലോകത്തിന് ഇന്നും അവിശ്വസനീയം. 1980-ൽ നോൾ ബ്രദേഴ്സ് ജോണും തോമസ്സും തങ്ങളുടെ കമ്പ്യൂട്ടർ പരീക്ഷണത്തിലൂടെ ഒരു സോഫ്റ്റ് വെയർ കണ്ടെത്തി, ഫോട്ടോഷോപ്. ലോകത്തിന് അവിശ്വസനീയമായി തോന്നി. 2011 സെപ്തംബർ 11-ാം തീയതി വേൾഡ് ട്രേഡ് സെന്റർ തകർന്നു. അവിശ്വസനീയമായി തോന്നി. വിശ്വസിക്കാൻ പറ്റാത്തത് എന്നതല്ല എങ്ങനെ സാധിച്ചു എന്നതാണ് ലോകം ശ്രദ്ധിച്ചത്.

കാലചരിത്രത്തെ രണ്ടായി വിഭജിച്ച് ലോകത്തിന്റെ മദ്ധ്യസ്ഥാനമായ പലസ്തീനിൽ ഒരു കന്യകയിൽ ജനിച്ച്, ജീവിച്ച്, മരിച്ചു ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ മരണം അവിശ്വസനീയമോ? അല്ല.

നാം ജീവിക്കുന്ന ഈ കാലഘട്ടം സഭകൾ തങ്ങളുടെ സന്ദേശം വ്യതിയാനപ്പെടുത്തിയിരിക്കുന്ന കാലം. യേശുക്രിസ്തുവിന്റെ രക്തത്താലുള്ള രക്ഷ എന്നതിനുപകരം സാമൂഹിക പ്രവൃത്തികളിലൂടെയും ജീവകാരുണ്യത്തിലൂടെയും രക്ഷ എന്ന സന്ദേശം നൽകുന്നതിന് സഭകൾ മത്സരിക്കുന്നു. കാലങ്ങൾ കഴിഞ്ഞാലും മാറ്റം വരാത്ത കനത്ത, കാമ്പുള്ള സന്ദേശമാണ് ക്രൂശിന്റെ സന്ദേശം. മാനവചരിത്രത്തിലെ നിർണ്ണായക നിമിഷം, ഹീനമായ ക്രൂശുമരണം അനുഗ്രഹത്തിന്റെ ഉറവിടമായി. മഹാകവി ജി. ശങ്കരകുറുപ്പ് പാടി,

"പാപം ഹരിച്ച്
പാരിന് വിണ്ണേറുവാൻ
പാതകാണിക്കും കുരിശേ
ജയിക്കുക"

ക്രൈസ്തവന്റെയും അക്രൈസ്തവന്റെയും യുക്തിവാദിയുടെയും നിരീശ്വരന്റെയും മനസ്സിൽ ക്രിസ്തുവിന്റെ ക്രൂശ് സ്ഥാനം പിടിച്ചു.

യേശുവിനെ കാണിച്ചു കൊടുത്ത ആ രാത്രിയിൽ, പ്രാർത്ഥനാനിരതനായിരിക്കുന്ന ശിഷ്യർക്കും അവരിലൂടെ ലോകത്ത് വരാനിരിക്കുന്ന ശിഷ്യർക്കും വേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു അത്. ഭൗതിക ആവിശ്യത്തിനായുള്ള പ്രാർത്ഥന ആയിരുന്നില്ല.

> രാജാവായി പിറന്നു: എന്നാൽ രാജകൊട്ടാരമില്ലായിരുന്നു. ഗുരുവായി ജീവിച്ചു: ശിഷ്യന്മാരുണ്ടായിരുന്നു എന്നാൽ പാഠശാലയില്ലായിരുന്നു. പ്രവാചകനായിരുന്നു: എന്നാൽ പ്രവാചക പ്രൗഢിയില്ലായിരുന്നു. വിജയം മാത്രം കൈയ്യിലുള്ള, അധികാര ചാട്ടവർ വീശുന്ന മശിഹായിൽനിന്ന് കഷ്ടപ്പെടുന്ന മശിഹായിലെ ത്താൻ അവർക്കു കഴിഞ്ഞില്ല. അതുകൊണ്ടു ക്രിസ്തുവിനെ അവർക്കു മനസ്സിലായില്ല

പ്രാർത്ഥന തീരും മുമ്പ് അരുമനാഥനെ അവർ പിടിച്ചു. ഹന്നാവിന്റെയും കയ്യാഫിന്റെയും മുമ്പിൽ നിരപരാധി എന്നു തെളിഞ്ഞു. എന്നാൽ, മതത്തിന്റെ അമർഷത്തിന്റെ മുമ്പിൽ നിരപരാധി അപരാധിയായി മാറി. ഹെരോദാവും പിന്നെ പീലാത്തോസും യേശുവിനെ വിസ്തരിച്ചു. നിയമത്തിന്റെ തലനാരിഴ കീറിയുള്ള അന്വേഷണ വിസ്താരം അപരാധിയല്ല ക്രിസ്തു എന്നറിഞ്ഞിട്ടും അവനെ ക്രൂശിക്കുവാൻ പടയാളികൾക്കു വിട്ടുകൊടുത്തു. അവർ അവനെ ക്രൂശിച്ചു. മത-രാഷ്ട്രീയം കൈകോർത്തു നീങ്ങിയ നിമിഷം നിരപരാധി അപരാധിയായി.

ആരാണ് അവനെ ക്രൂശിച്ചത്? ദ്രവ്യാഗ്രഹം നിമിത്തം യൂദയോ? മനോധൈര്യമില്ലാത്ത പത്രൊസോ? ആദായ, സ്ഥാന നഷ്ടം വരാതെ നോക്കിയ മഹാപുരോഹിതനോ മൂപ്പന്മാരോ? ഹെരോദ്യയുടെ ശല്യം മൂലം ഹെരോദാവോ? ജനസമ്മതിക്കായി പീലാത്തോസോ? വയറ്റിപ്പിഴപ്പിനായി പടയാളികളോ?

ഇവർ നിമിത്തമായതെ ഉള്ളു. ഇവരാരും അല്ല കുറ്റവാളികൾ, ഞാനും നിങ്ങളുമായിരുന്നു അവന്റെ ക്രൂശീകരണമ്പോഴാണ് പടയാളികൾ അവനെ പിടിക്കുന്നത്. ഗത്സമന ഏറ്റുവാങ്ങിയ ദുരന്തചിത്രം ആയിരുന്നു അത്. തിരുവത്താഴം കഴിഞ്ഞു ഒലിവുമലയുടെ ഒരു ഭാഗമായ ഗത്സമനയിലെത്തി പ്രാർത്ഥിക്കുകയായിരുന്നു ക്രിസ്തു. തന്റെ കൂടെയുണ്ടായിരുന്ന 11 ശിഷ്യർ അല്പം അകലെ പ്രാർത്ഥന തുടങ്ങി. ശരീരവും മനസ്സും അറിഞ്ഞൊരു പ്രാർത്ഥന, ഹൃദയതാളം തെറ്റിപ്പോയ പ്രാർത്ഥന, രക്തം വിയർപ്പുതുള്ളികളായി മാറിയ പ്രാർത്ഥന. കൂടെയുണ്ടായി

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

വിജയകരമായ പത്താം വർഷത്തിലേക്ക് പ്രവേശിക്കുന്നു

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
|---|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

റെഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

അടുത്ത ബാച്ച് 2015 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

### ഉറവ

## ഒരു ചെറിയ പെൺകുട്ടിയുടെ സ്വപ്നം



ഇവാ. ജോൺ സാമുവൽ
മണക്കാല

**സ്വപ്നം** കാണാത്തവരായ് ആരാണുള്ളത്? ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഓരോരുത്തരുടെയും ഉള്ളിൽ വെത്യസ്തങ്ങളായ സ്വപ്നസാക്ഷാത്കാരത്തിനു വേണ്ടി വലിയ വില നൽകിയവരും ത്യാഗവും ക്ലേശങ്ങളും അനുഭവിച്ചവരും പിൻകാലത്ത് വിജയ സോപാനത്തിലേക്ക് എത്തിയത് തികച്ചും ശ്ലാഘനീയവും അനുകരണീയവുമായ യാഥാർത്ഥ്യമാണ്. ഏതൊരു വിജയത്തിന്റെ പിന്നിലും ഒരു നൊമ്പരത്തിന്റെ കഥ പറയാനുണ്ടാകും. എടുത്ത് പറയാൻ ധാരാളം ഉണ്ടെങ്കിലും ഉദാഹരണമായി ഉറവയിൽ ഉദ്ധരിക്കുവാൻ ആഗ്രഹിക്കുന്നത് ഒരു പെൺകുട്ടിയുടെ സ്വപ്നസാക്ഷാത്കാരത്തിന്റെ ധന്യതയാണ്.

ഇന്നു കാണുന്ന അനേക വമ്പൻ സ്ഥാപനങ്ങൾക്കും ആരംഭം വളരെ ചെറിയ തുടക്കമായിരിക്കും. ഒരു വൃക്ഷത്തെ നട്ടുനനച്ച് വേണ്ടുന്നതെല്ലാം നൽകി ചില വർഷങ്ങൾ കഴിയുമ്പോൾ പടർന്ന് പന്തലിച്ച് ഒരു വലിയ വൃക്ഷമായി മാറുന്നതിന് തുല്യമാണിത്. ജ്വലിച്ചു പ്രകാശിക്കുന്ന ദീപസ്തംഭത്തിനു തുല്യം ഇന്ന് ലോകരാജ്യങ്ങളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്ന ബൈബിൾ സൊസൈറ്റിക്കും അപ്രസക്തമായ ഒരു തുടക്കമായിരുന്നു. ഇംഗ്ലണ്ടിലെ വെയിൽസിലെ മേരി എന്ന കൊച്ചു പെൺകുട്ടിയെയാണ് ബൈബിൾ സൊസൈറ്റിയുടെ സ്ഥാപനത്തിന് ദൈവം ഉപയോഗിച്ചത്.

മേരി ജോൺസും അവളുടെ മാതാപിതാക്കളും ഒരു ചെറിയ ഗ്രാമത്തിൽ താമസിക്കുകയായിരുന്നു. അവർ പാവപ്പെട്ട നെയ്ത്തുകാരായിരുന്നു. അക്ഷരജ്ഞാനം ഇല്ലായിരുന്നുവെങ്കിലും ഈ കുടുംബം സ്ഥിരമായി ആരാധനയ്ക്ക് പള്ളിയിൽ പോകുമായിരുന്നു. പാസ്റ്റർ വചനം വായിക്കുമായിരുന്നു എങ്കിലും വളരെ കുറച്ച് വചനങ്ങൾ ആയിരുന്നു വായിച്ചിരുന്നത്. ആംഗുലീപരിമിതമായ ആളുകൾക്ക് മാത്രമേ സ്വന്തമായി ബൈബിൾ ഉണ്ടായിരുന്നുള്ളു. മേരി എഴുത്തും വായനയും പഠിച്ചപ്പോൾ ഒരു ബൈബിൾ സ്വന്തമായി കരസ്ഥമാക്കണമെന്ന ആഗ്രഹം അവളിൽ ശക്തമായി. വളരെ വില കൊടുക്കേണ്ടിവരും എന്നുമാത്രമല്ല തന്റെ ഗ്രാമത്തിൽ അത് ലഭ്യമല്ലെന്നും ഏതാണ്ട് 40 മൈൽ ദൂരം അകലെ മാത്രമേ അത് ലഭിക്കുകയുള്ളു എന്നും അവൾ മനസ്സിലാക്കി.

മേരി ഗ്രാമത്തിലുടനീളം പച്ചക്കറി, മുട്ട, തേൻ, സ്ത്രീകൾക്കുള്ള പാദയുറ എന്നിവ വിറ്റ് കഠിനമായി അദ്ധ്വാനിക്കുവാൻ തുടങ്ങി. ആറ് നീണ്ട വർഷങ്ങൾ ഒരു ബൈബിൾ വാങ്ങുവാനുള്ള തുകയ്ക്കായി പണം ശേഖരിച്ചു. തന്റെ 15-ാം മത്തെ വയസ്സിൽ അവൾ 40 മൈൽ നടന്ന് ബൈബിൾ ലഭിക്കുന്ന ഗ്രാമത്തിലെത്തി. എന്നാൽ എല്ലാ ബൈബിളുകളും വിറ്റുപോയി എന്ന് അവൾ അവിടെ എത്തിയപ്പോൾ അറിഞ്ഞു. അടക്കാനാകാത്ത സങ്കടത്താൽ അവൾ നിയന്ത്രണാതീതമായി ഉറക്കെ പൊട്ടിപൊട്ടിക്കരഞ്ഞു. പെൺകുട്ടിയുടെ അതിദയനീയമായ കരച്ചിൽ കണ്ടുനിൽക്കാൻ ബൈബിൾ വില്പനക്കാരനു കഴിഞ്ഞില്ല. ഒരാൾക്ക് കൊടുക്കാം എന്ന് വാഗ്ദാനം ചെയ്യപ്പെട്ട ഒരു ബൈബിൾ, അയാൾ വന്നു കൊണ്ടുപോകാഞ്ഞതിനാൽ വില്പനക്കാരന്റെ കൈവശമുണ്ടായിരുന്നു. ആ ബൈബിൾ അദ്ദേഹം മേരിക്കു നൽകിയപ്പോൾ അവളുടെ സന്തോഷത്തിന് അതിരില്ലായിരുന്നു.

ഒരു ബൈബിൾ കരസ്ഥമാക്കാനുള്ള മേരിയുടെ വലിയ ത്യാഗത്തെക്കുറിച്ച് അനേകർ അറിഞ്ഞു. ഒരു കൂട്ടം വിശ്വാസികൾ ദൈവവചനം എല്ലാവർക്കും സുലഭമായി ലഭ്യമാക്കണമെന്ന് തീരുമാനിച്ചു. അതിന്റെ പരിണിതഫലമായി 1804-ൽ ബൈബിൾ സൊസൈറ്റി ഉടലെടുക്കുവാൻ കാരണമായി. ഇന്ന് അനേക വർഷങ്ങൾക്കുശേഷം ലോകത്തെല്ലായിടത്തും അനേക രാജ്യങ്ങളിൽ ബൈബിൾ സൊസൈറ്റികൾ സ്ഥാപിതമായി കഴിഞ്ഞു.

അംബരചുംബികളായ പർവ്വതങ്ങൾ ഇടിച്ചു നിരത്തണമെങ്കിൽ ഓരോകല്ലുകൾ എടുത്തുമാറ്റിയെ മതിയാകു. ഏതു ലോകോത്തര കളിക്കാരനും വിജയകിരീടം ചൂടുന്നതിനു മുമ്പ് അനേകവർഷങ്ങൾ തയ്യാറെടുപ്പുകൾ നടത്തി കളിയുടെ ബാലപാഠങ്ങൾ പഠിച്ചേ മതിയാകു. കയ്യിൽ മുള്ളുകൊള്ളാതെ പനിനീർ പുഷ്പം ഇറുത്തെടുക്കാൻ സാദ്ധ്യമല്ല. ഗോതമ്പുമണി നിലത്തുവീണു ചാകാതെ വലിയ വിളവ് പിൽക്കാലത്ത് ലഭ്യമാകയില്ല.

ചെറിയ തോതിലാണെങ്കിലും സ്വപ്നങ്ങൾ കണ്ടുകൊണ്ട് ആരംഭിക്കുന്ന ഏതൊന്നിലും ശ്രദ്ധ കേന്ദ്രീകരിക്കുക. കഠിനാദ്ധ്വാനം ചെയ്യുക. അല്പം കാത്തിരിക്കേണ്ടിവന്നാലും പിൻമാറരുത്. ഒരിക്കൽ സ്വപ്നങ്ങൾ പൂവണിയും. ഏവർക്കും ഒരിക്കൽകൂടി സർവ്വഐശ്വര്യങ്ങളും നേരുന്നു.

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442